**Sacred Heart Knanaya Catholic Church**
**611 Maple St., Maywood, IL 60153**
**St. Mary's Knanaya Catholic Church**
**7800 W. Lyons St., Morton Grove, IL 60053**
Parish website: www.knanayaregion.us/chicago
Bulletins: www.knanayaregion.us/chicago/bulletin.htm

# CHICAGO KNANAYA CATHOLIC PARISH BULLETIN

**Volume 7, Issue 25, March 11, 2012**

**THEATRICAL GROUP FROM ST. HYACINTH BASILICA PRESENTS**

## THE PASSION OF CHRIST

**Screenplay & Direction: Cecylia Jablonska**
**At St. Mary's Church on Friday, March 9th at 7:00P.M. and at Sacred Heart Church, Maywood On Sunday, March 11th at 11:30 A.M.**





**All are invited to take part in this to prayerfully reflect on the passion of Jesus Christ. No entry pass. Donations Accepted for expenses.**



## വാർഷിക ധ്യാനം

**നയിക്കുന്നത്: റവ. ഫാ. ജോസഫ് ഉപ്പാണി,** ചിറ്റൂർ ധ്യാനകേന്ദ്രം

**മോർട്ടൻ ഗ്രോവിൽ മാർച്ച് 15 മുതൽ 18 വരെയും**
**മേവുഡ് പള്ളിയിൽ മാർച്ച് 22 മുതൽ 25 വരെയും.**
**വ്യാഴം 7 P.M. മുതൽ 9:30 P.M.**
**വെള്ളി 3 P.M. മുതൽ 9 P.M.**
**ശനി 10 A.M. മുതൽ 8 P.M.**
**ഞായർ 10 A.M. മുതൽ 5:30 P.M. വരെ.**
**കുമ്പസാരം ശനിയാഴ്ച.**



Archbishop Mar Mathew Moolakkatt with priests serving in the Knanaya Region when they met in Los Angeles.

### STAFF

**Pastor, St. Mary's: Fr. Abraham Mutholathu Jacob**
5212W. Agatite Ave., Chicago, IL 60630.
(773) 412-6254 (cell) mutholath2000@yahoo.com
**Pastor, Sacred Heart: Fr. Saji Pinarkayil**
589 N. Willow Rd., Elmhurst, IL 60126.
224-659-6586 sajipinarkayil@gmail.com

***www.knanayaregion.us/chicago***

### FOR HALL BOOKINGS

Sacred Heart: Baby Karikkal 630-901-5499
St. Mary's: Polson Kulangara 847-207-1274

### FOR SACRISTANS

Sacred Heart: Binoy Kizhakkanadyil 312-513-2361
St. Mary's: Sr. Xavier S.V.M. 847-603-8881 (Convent)
For list of other volunteers / upcoming events, visit:
*www.knanayaregion.us/chicago/staff.htm*
*www.knanayaregion.us/chicago/calendar.htm*

### HOLY MASS

SUNDAY 10:00 A.M. and 11:40 A.M. (English) at Sacred Heart and St. Mary's Churches.
5:30 P.M. at St. Mary's Church.
MONDAY - THURSDAY 7:00 P.M. St. Mary's.
FRIDAY 6:00 P.M. at St. Mary's & 7:00 P.M. at Sacred Heart.
SATURDAY 10:00 A.M. at both churches.

### RELIGIOUS EDUCATION

ON SUNDAYS 10:00 A.M. to 11:30 A.M. at both churches.

### ADORATION

First Fridays after Mass at both churches.
Every Saturday from 11:00 A.M. to 5:00 P.M. at St. Mary's.
Night Vigil at St. Mary's on Second Fridays from 6:00 P.M. to 1:00 A.M. with Holy mass at 6:00 P.M. and 11:30 P.M.
4th Fridays at Sacred Heart for children & youth at 7:45 P.M.

### NOVENAS

B.V. Mary after Saturday 10:00 A.M. Mass at both churches.
St. Jude on Thursdays at 7:00 P.M. at St. Mary's.
St. Michael 3rd Friday of the month after 7:00 P.M. Mass at Sacred Heart.

### PRAYER GROUP

Sundays after 10:00 A.M. Mass at both churches.

### ROSARY

Mon. - Thurs. 6:30 P.M. & Friday at 5:30 P.M. at St. Mary's.

### ST. VINCENT DE PAUL SOCIETY

Sundays after 10:00 A.M. Mass at both churches.

### LEGION OF MARY

Every Saturdays after Mass at Sacred Heart.
Every Thursday after 7:00 P.M. Mass at St. Mary's.




March 2012

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| | | | | 1 | 2 | 3 |
| 4 | 5 | 6 | 7 | 8 | 9 | 10 |
| 11 | 12 | 13 | 14 | 15 | 16 | 17 |
| 18 | 19 | 20 | 21 | 22 | 23 | 24 |
| 25 | 26 | 27 | 28 | 29 | 30 | 31 |

### FRIDAY, MARCH 9, 2012

Holy Mass at St. Mary's Church at 6:00 P.M. at Sacred Heart at 7:00 P.M. followed by Stations of the Cross.
Passion Play at St. Mary's Church at 7:30 P.M. followed by Night vigil ending at 12:30 A.M.
Separate Night Vigil and confession for Religious Education staff and students at St. Mary's after the Passion Play.

### SATURDAY, MARCH 10, 2012

Holy Mass and novena at both churches at 10:00 A.M.
Seminar for parents of First Communion students at Sacred Heart from 11:00 A.M. by Fr. Abraham Mutholath.
Special Class for First Communion students at Sacred Heart from 11:00 A.M. on how to prepare for confession.
St. Xavier Koodara Yogam at 7:00 P.M. at the house of Thomas Puthethu, 9220 N. Ashland Ave., Niles. 847-663-9828.

### SUNDAY, MARCH 11, 2012

Daylight Saving Time Begins at 2:00 A.M.
Stations of the Cross at St. Mary's Church at 9:30 A.M.
Holy Mass at both churches at 10:00 A.M.
Religious Education Classes at St. Mary's at 10:00 A.M.
English Mass at St. Mary's at 11:40 A.M.
Agape Canned Drive by Religious Education Students at the beginning of English Mass at St. Mary's.
Passion Play at Sacred Heart Church at 11:50 A.M.
Holy Mass at St. Mary's at 5:30 P.M.
Lent Meditation for adults and Confession for Children and youth at Sacred Heart at 1:00 P.M.
Adoration at Sacred Heart from 3:00 P.M. to 4:00 P.M.
St. Alphonsa Koodara Yogam at Sunny Mookkettu, 1930 Flagstaff Ln., Geledale Heights. 847-401-2742.

### MONDAY, MARCH 12, 2012

Holy Mass at St. Mary's at 7:00 P.M.

### TUESDAY, MARCH 13, 2012

Holy Mass at St. Mary's at 7:00 P.M.

### WEDNESDAY, MARCH 14, 2012

Holy Mass at St. Mary's at 7:00 P.M.

### THURSDAY, MARCH 15, 2012

Holy Mass and novena at St. Mary's at 7:00 P.M. followed by Annual Retreat ending at 9:30 P.M.

### FRIDAY, MARCH 16, 2012

Retreat continues at St. Mary's from 3:00 P.M. ending at 9:00 P.M. with Holy Mass at 6:00 P.M.
Holy Mass at Sacred Heart at 7:00 P.M. followed by Novena of St. Michael and Stations of the Cross.

### SATURDAY, MARCH 17, 2012

Holy Mass and novena at both churches at 10:00 A.M.
Retreat continues at St. Mary's from 10:00 A.M. ending at 8:00 P.M.

### SUNDAY, MARCH 18, 2012

Stations of the Cross at St. Mary's Church at 9:30 A.M.
Holy Mass and retreat at St. Mary's at 10:00 A.M.

# Message of Archbishop Mar Moolakkatt



## KNANAYA ENDOGAMY AND EXOGAMOUS MARRIAGE

My dear Knanaya brothers and sisters,

As you already know, I had a discussion these days with our priests serving in the U.S. and KCCNA executive to give some clarifications regarding the existing Knanaya parishes, and their role in fostering the unity and individuality of the Knanaya community. I thought some explanations in this regard will be useful for all of us.

Strong adherence to strict endogamy practiced from the time of Prophets Ezra and Nehemia (OT) and followed by the Jewish Christians has been strictly practiced by the forefathers of Knanaya migrants to Malabar coast in the 4th century. In 1896 when the Syro-Malabar Church has been officially entrusted to her own sons, Mar Makil was appointed the Vicar Apostolic of Changanacherry which included both Knanaya and non-Knanaya faithful. There was a strong movement from the non-Knanaya faithful for non-cooperation with Mar Makil who was a Knanite. But the Holy See insisted that the bishop appointed by the Holy See is to be accepted by all the Catholics for whom that bishop was appointed. Though the resistance continued, the decision of the Holy See to excommunicate all those who persisted in non-cooperation with the bishop appointed by the Holy See lead to the acceptance of the Knanaya bishop by the non –Knanites too. However, understanding the feelings of his faithful, Mar Makil took initiative for erecting a separate vicariate for the Southists, which culminated in the erection of the vicariate of Kottayam for the Southists. Mar Makil became its first vicar apostolic.

The Vicariate apostolic of Kottayam continued to be the ecclesial unit of the Knanaya Catholics and its jurisdiction was extended by the Holy See to the whole territory of the Syro-Malabar Church and the vicariate was made an eparchy. Till the early 1950s the diocese of Kottayam continued to be the sole ecclesial unit of the Knanaya Catholics. However, there arose an issue in which a Knanite wanted to be married to a non-Knanite. It was a difficult situation which was not foreseen by the request made to the Holy See by Mar Mathew Makil. However, the Diocese of Kottayam solved the issue by allowing the Knanaya person to join the non-Knanaya diocese. As more cases of this nature came up, the practice of allowing the Knanaya to join the non-Knanaya was accepted as a policy in this matter. The Knanaya person was asked to make a petition to the Diocese of Kottayam to relieve him/her from the Diocese of Kottayam and allow him/her to join the non-Knanaya diocese. This was a pastoral and practical arrangement made in this matter to resolve the issues involved.

In the initial stages these exogamous marriages were chosen by the parties concerned for their own interest. Gradually there arose issues when the Knanaya Catholics found it difficult to find out suitable partners from the Knanaya catholic community and unwillingly even, they had to accept non-Knanaya spouses. Then they began to question the necessity of getting themselves removed from the Kottayam diocese since they claimed that as Knanites they had the right to continue as members of the Kottayam diocese, even though the non-Knanaya partner and children had no right to be enrolled in the Kottayam diocese. But the diocese of Kottayam held that the practiced pastoral arrangement for the exogamous marriages was the only solution for such marriages and there was no question of including the exogamous persons in the Archdiocese of Kottayam. Some civil cases and ecclesiastical decisions questioned the logic of this stand and it resulted in the rescript regarding exogamous Knanites in the U.S. This difference of vision continued to exist.

When the St. Thomas Syro-Malabar Diocese of Chicago was established, the Holy See insisted that the practice followed in Kottayam was not acceptable to the Holy See and that endogamy should not be a factor in creating a parish in North America. Therefore after long deliberations it was agreed between the Bishop Mar

*(Continued on page 4)*

## Spotlight

**Who will respect you if you don't follow the chief of command?**



*(Continued from page 3)*

Jacob Angadiath and the Knanaya Catholic Diocese of Kottayam that the Knanaya missions or parishes in the U.S. could be erected as the Vicariate of Kottayam was established by Pope Pius X inn 1911. So Mar Angadiath created Knanaya parishes in North America. The issue of endogamy being a social practice was left to the community and the ecclesiastical establishment acknowledged the identity of Knanaya community as an ecclesial entity. In the presence of late Cardinal Varkey Vithayathil, the then Major Archbishop of the Syro-Malabar Church, it was accepted that the Knanaya missions and parishes will contain all and only Knanaya Catholics. The spouse and children of an exogamous kna will not be considered as member of the Knanaya parish. Accordingly Knanaya Vicars were appointed clearly indicating that they were vicars only of Knanaya Catholics.

Although this understanding was clear, KCCNA hesitated to accept this ecclesiastical set up and declared non-cooperation with the Diocese of Chicago. In spite of this non-cooperation and sometimes conditional cooperation, Mar Jacob Angadiath and the Bishops of Kottayam continued to cooperate with the KCCNA and asked them continuously to accept the ecclesiastical arrangement which was not different from what has been granted by the Holy See in 1911. Now, although most of the units of KCCNA has decided to cooperate with the Diocese of Chicago and went ahead with the establishment of Knanaya parishes, since the official KCCNA has not withdrawn the official non-cooperation, Mar Angadiath informed the KCCNA that he cannot any more cooperate with KCCNA and its convention until KCCNA declared cooperation with him and his diocese. In such a situation the bishops of Kottayam also will have difficulty to collaborate with KCCNA and its programs. So we had a meeting with the KCCNA executive and the Knanaya catholic priests working in the Syro-Malabar diocese of Chicago and are now trying to resolve this matter.

Nobody is against endogamy or its practice. It is a social custom of the Knanaya community which we uphold from very ancient times. The Church is not against that practice. Only Knanites can break the practice of endogamy and do harm to the age old custom of the community.

As far as the church is concerned, by the fact that somebody has violated a social practice, his membership in the parish cannot be terminated. Belonging to the Knanaya community is a right obtained by birth and cannot be taken away by any force. One can practice things that are contrary to the traditions and values of the community, but his membership in the Knanaya community can neither be taken away nor given to any non-Knanaya. So the community can have its own sanctions against one who violates its norms and traditions, but the Church cannot insist that he be removed from the parish because of the violation of a social practice that does not affect the Catholic faith.

Although the Church does not permit the exclusion of a Knanite from the Knanaya parish because of his exogamous marriage, the Church cannot ask that the non-Knanaya spouse and children should be included in the Knanaya parish. When an exogamous Knanite on his own insistence continues to maintain his membership in the Knanaya parish, actually it is he who keeps his family ecclesially divided. He has the freedom to join the non-Knanaya parish and keep his family ecclesially united. For that he is advised in Kottayam as well as in the U.S. to choose his membership in the non-Knanaya parish which is done by all in Kottayam and almost all in the U.S.

Some people think that it is unchristian to keep the family in two parishes. Here the notion of personal jurisdiction is to be clearly understood. The Archbishop of Kottayam has a personal jurisdiction only over the Knanaya Catholics in the Syro-Malabar territory. All the other Syro-Malabar Catholics will be under the jurisdiction of the local Syro-Malabar bishop. Only the Knanaya Catholics (born of both Knanaya parents) will be exempted from the jurisdiction of the local Syro-Malabar Bishop and will be put under the jurisdiction of the Knanaya Bishop. The same is applicable also in the U.S. Only the Knanaya Catholics (born of both Knanaya parents) will be members of the Knanaya parish and all other Syro-Malabar Catholics, to whomever they are married, will be under the jurisdiction of the Syro-Malabar priests in the place where they have domicile (where they live). Therefore there is no meaning in fearing that the non-Knanaya spouse or children of the Knanaya person will become member of the Knanaya parish. As any other social organization, the parish also will have its clear norms of membership which are accepted and approved by the Catholic Church too. Of course regarding pastoral care to those who approach the Catholic Church the norms are very clear and church is not discriminatory, rather follows the canon law of the Church. This is applicable also to the Knanaya parishes. Moreover, in the canon law of the Catholic Church there are provisions for husband and wife belonging to different particular Churches to maintain their belongingness to those Churches even after their marriage.

Hence I want to clarify that the Knanaya parishes established in North America are and will always remain Knanaya giving membership only to Knanaya Catholics born of both Knanaya parents and we will uphold this position always and everywhere. As we do in Kottayam, here also we will try to dissuade the Knanaya Catholics from entering into exogamous marriages, and even if one insists to have exogamous marriage we will advise and assist

*(Continued on page 5)*





Mar Moolakkatt clarifying membership issue of Knanaya Parishes at St. Mary's Church in Chicago on Thursday, March 1, 2012.



*(Continued from page 4)*

them to join the non-Knanaya parish always respecting his right to continue as a member of the Knanaya parish at the cost of keeping his family divided in the field of ecclesial belongingness. It is his/her decision to keep that family so and the Church has nothing to do in that regard as long as he/she continues to insist this double belongingness of the family.

Hence I have advised the KCCNA leadership to make necessary arrangements so that the bishop of all the Syro-Malabar Catholics in North America can rightly participate in the National Convention of the Knanaya Catholics. That will enable us all to participate with joy in that great event which we hold every two year to foster the unity and strength of the Knanaya Catholics in North America and across the world.

With Prayer and Love,
Mar Mathew Moolakkatt



Participants and organizers of Pre-marriage course held at St. Mary's Church organized by the family commission of Knanaya Catholic Region.



Birthday Celebration of Mar Moolakkatt in Chicago



## Ten Years in Heaven

**March 7, 2002**

## John Madathil

Manakad
Thodupuzha

He gave unending hope to the poor.
He was our strength during hard times.
He was our peacekeeper when we were little.
He was the one we feared when we did wrong.
He showed love for his family, like no one else did.
He was the one who rewarded us for all our accomplishments.
He was the one who gave us
precious memories to think back on.
He was the one who told
"There is no thrill in life without problems."
He was the one we loved so much.
He was our Appachan, now in peace with our Lord.
*It has been ten years since you were born into heaven…*
*We miss you so much.*

-Sorrowing Family



*ക്നാനായ സമുദായത്തെക്കുറിച്ച് അടുത്തയിടെയുണ്ടാകുന്ന ചർച്ചകൾക്കിടയിൽ സത്യങ്ങളും അർദ്ധസത്യങ്ങളും അസത്യങ്ങളും ധാരാളം പരക്കുന്നതിനാൽ സാധാരണക്കാരുടെ സംശയങ്ങൾക്കു പരിഹാരമായി, ക്നാനായ റീജിയൺ ഡയറക്ടറും വികാരി ജനറാളുമായ റവ. ഫാ. ഏബ്രഹാം മുത്തോലത്തുമായി ക്നാനായ മീഡിയാ റ്റീം നടത്തിയ അഭിമുഖമാണ് താഴെചേർക്കുന്നത്. പ്രവാസികളായ നോർത്ത് അമേരിക്കയിലെ ക്നാനായക്കാരുടെ സഭാപരമായ വളർച്ചയുടെ ചരിത്രമാണ് ഈ ഇന്റർവ്യൂ നമ്മുടെ മുമ്പിൽ തുറന്നിടുന്നത്. ഒരു വ്യക്തിക്കോ ആശയത്തിനോ പ്രാധാന്യം കൊടുക്കാതെ, തെളിവുകളുടേയും രേഖകളുടേയും അടിസ്ഥാനത്തിൽ മാത്രമാണ് ഈ റിപ്പോർട്ട്.*

*-എഡിറ്റർ*

# ക്നാനായ റീജിയണും ചില ചോദ്യോത്തരങ്ങളും

*തയ്യാറാക്കിയത്: ക്നാനായ മീഡിയ റ്റീം*

***1. അഭിവന്ദ്യ മാർ മാത്യു മൂലക്കാട്ടു പിതാവ് തിരക്കിട്ട് അമേരിക്കയിൽവന്ന് ക്നാനായക്കാരുടെ ചില പ്രശ്നങ്ങൾ സമുദായ പ്രതിനിധികളുമായി ചർച്ച നടത്തിയെന്ന് അറിയുന്നു. അത് എന്തായിരുന്നുവെന്ന് വിശദമാക്കാമോ?***

അഭിവന്ദ്യ മൂലക്കാട്ടു പിതാവിന്റെ ഇപ്രാവശ്യത്തെ അമേരിക്കൻ സന്ദർശനം തിരക്കിട്ടു നടന്നതല്ല. പിതാവിന്റെ സാന്നിദ്ധ്യത്തിൽ KCCNA ഭാരവാഹികളും ക്നാനായ റീജിയണിലെ ബഹുമാനപ്പെട്ട വൈദികരുമായി ഒരു ചർച്ച വേണമെന്ന് KCCNAയുടെ ഇപ്പോഴത്തെ ഭരണ സമിതി മാസങ്ങളായി ആവശ്യപ്പെട്ടിരുന്നു. അതിന് വൈദികരും മൂലക്കാട്ടു പിതാവും സമ്മതിച്ചു. അഭിവന്ദ്യ മാർ ജോർജ് ആലഞ്ചേരി പിതാവിന്റെ കർദ്ദിനാൾ സ്ഥാനാരോഹണത്തിനു റോമിൽ പോയി തിരിച്ച് വന്ന വഴി മാർ മാത്യു മൂലക്കാട്ടു പിതാവ് ഇവിടെ വന്നു. അതിനാൽ ലോസാഞ്ചലസിൽ വച്ച് ഫെബ്രുവരി 25ന് ഇപ്രകാരമൊരു ചർച്ച നടന്നു.

***2. ഫെബ്രുവരി 24നു മൂലക്കാട്ടു പിതാവിന്റെ സാന്നിദ്ധ്യത്തിൽ ലോസാഞ്ചലസിൽ ചില സമ്മേളനങ്ങൾ നടന്നല്ലോ. അവ എന്തായിരുന്നു? എന്തിനായിരുന്നു?***

ക്നാനായ റീജിയണിലെ വൈദികരുടെ കൂട്ടായ്മയും, വൈദികരും അല്മായ പ്രതിനിധികളും ചേർന്നുള്ള സമ്മേളനവും ഇടയ്ക്കിടെ നടത്താറുള്ളതാണ്. ഇപ്രാവശ്യം KCCNA ആവശ്യപ്പെട്ട പ്രകാരം വൈദികർ ലോസാഞ്ചലസിൽ വന്നതിനാൽ റീജിയന്റെ സമ്മേളനങ്ങളും നടത്തിയെന്നു മാത്രം. അതിൽ മുഖ്യമായും റീജിയന്റെ പ്രവർത്തനത്തെക്കുറിച്ചും നമ്മുടെ അല്മായ സംഘടനയുമായുള്ള ബന്ധത്തെക്കുറിച്ചുമാണു ചർച്ച ചെയ്തത്.

***3. KCCNA പ്രതിനിധികളുമായി വൈദികരും മാർ മൂലക്കാട്ടു പിതാവും നടത്തിയ ചർച്ചയിൽ ക്നാനായ ഇടവകകളിലെയും മിഷനുകളിലെയും അംഗത്വത്തെക്കുറിച്ച് പുതിയ ധാരണ എന്തെങ്കിലും ഉണ്ടായോ?***

പുതിയ ധാരണ ഒന്നും ഉണ്ടായില്ല. അതിനുവേണ്ടി കൂടിയ സമ്മേളനമല്ലായിരുന്നു അത്. മാത്രമല്ല, ഇടവകാംഗത്വത്തെക്കുറിച്ച് പുതിയ നയം എടുക്കുവാൻ അധികാരമുള്ള സമിതിയല്ല അത്. KCCNA ഭാരവാഹികളുടെ സംശയ നിവാരണത്തിന്റെ ഭാഗമായി നിലവിലുള്ള ധാരണ ഒന്നുകൂടി മൂലക്കാട്ടു പിതാവ് വ്യക്തമാക്കുകയാണുണ്ടായത്.

***4. ക്നാനായ ഇടവകാംഗത്വത്തെ സംബന്ധിച്ച ധാരണ എന്താണ്? അത് എന്ന് ഉണ്ടായതാണ്?***

ക്നാനായ സമുദായത്തിന്റെ 345ലെ ഉത്ഭവം മുതൽതന്നെ ക്നാനായ ഇടവകകൾ ഉണ്ടായിരുന്നു. ഒരുകാലത്തു ക്നാനായക്കാർ അഞ്ചര പള്ളിക്കാർ എന്നും അറിയപ്പെട്ടിരുന്നു. അതായത് അഞ്ചു പൂർണ്ണ ക്നാനായ ഇടവകകളും ബാക്കി സ്ഥലങ്ങളിൽ ക്നാനായക്കാരല്ലാത്ത സീറോ-മലബാർ ഇടവകകളുമായി സഹകരിച്ചുള്ള കൂട്ടായ്മയും. ക്നാനായക്കാർക്കു മാത്രം അംഗത്വമുള്ളതാണ് ക്നാനായ ഇടവക. ക്നാനായ പാരമ്പര്യമനുസരിച്ച് ക്നാനായ മാതാവിൽ നിന്നും പിതാവിൽനിന്നും ജനിച്ചവർ മാത്രമാണ് ക്നാനായക്കാർ. വിവാഹം വഴിയോ, ദത്തെടുക്കൽ വഴിയോ അതു ലഭിക്കുകയില്ല.

***5. ക്നാനായ ഇടവകാംഗത്വത്തെ സംബന്ധിച്ച് അമേരിക്കയിൽ വിവാദമുണ്ടല്ലോ. ഇവിടുത്തെ സാഹചര്യത്തിൽ നിലപാടിൽ മാറ്റമുണ്ടോ?***

ഉണ്ട്. ക്നാനായ ഇടവകകൾ ക്നാനായക്കാർക്കുള്ളതാണെങ്കിലും അതിൽ ഒരു ഇടവകാംഗം സമുദായത്തിനു വെളിയിൽ നിന്നു വിവാഹം ചെയ്താൽ ജീവിത പങ്കാളി ക്നാനായ സമുദായാംഗമല്ലാത്തതിനാൽ കുടുംബം ഒന്നിച്ച് ഒരു ഇടവകയിൽ അംഗത്വമെടുക്കുന്നതിനുവേണ്ടി അവർ സമീപത്തുള്ള ക്നാനായേതര സീറോ-മലബാർ പള്ളിയിൽ ചേർന്നിരുന്നു. എന്നാൽ അമേരിക്കയിൽ വന്നപ്പോൾ അവരിൽ ചുരുക്കം ചിലർ ഷിക്കാഗോയിലെ ക്നാനായ മിഷനിൽ അംഗത്വം വേണമെന്നു നിർബന്ധം പിടിച്ചു. അവരുടെ നിരന്തര പരാതി ഷിക്കാഗോ ലത്തീൻ അതിരൂപത വഴി പരിശുദ്ധ സിംഹാസനത്തിലുമെത്തി. 1985 ഒക്ടോബർ 9നും ഡിസംബർ 5നും ഷിക്കാഗോ ആതിരൂപതയുടെ അദ്ധ്യക്ഷൻ കർദ്ദിനാൾ ബെനാർദിൻ റോമിലെ പൗരസ്ത്യ തിരുസംഘത്തിനയച്ച കത്തിൽ ഈ അതിരൂപതയിൽ സ്ഥാപിച്ച ക്നാനായ മിഷനിൽ സമുദായം മാറി വിവാഹം ചെയ്തവരെ ഉൾപ്പെടുത്തുന്നതിനെ ന്യായീകരിച്ച് സമ്മതം ചോദിക്കുകയുണ്ടായി. അതിനു മറുപടിയായി 1986 ജനുവരി 30ന് പൗരസ്ത്യ തിരുസംഘത്തിന്റെ തലവൻ കർദ്ദിനാൾ ലൂർദ്ദ് സ്വാമി അയച്ച മറുപടിയിൽ സമുദായം മാറി വിവാഹം ചെയ്തവർക്ക് ഷിക്കാഗോയിലെ ക്നാനായ മിഷനിൽ തുടരാമെന്നും, ക്നാനായ മിഷനുകളുടെ അജപാലന ശുശ്രൂഷ ക്നാനായ വൈദികർക്കായിരിക്കണമെന്നും, കോട്ടയം മെത്രാന്

(Continued on page 7)

(Continued from page 6)

ഇവിടെ അജപാലന അധികാരം ഇല്ലെന്നും വ്യക്തമാക്കി.

**6. ഷിക്കാഗോ ലത്തീൻ അതിരൂപതയ്ക്കു നല്കിയ ഈ നിർദ്ദേശം ഷിക്കാഗോ സീറോ-മലബാർ രൂപതയ്ക്കു ബാധകമാണോ?**

അല്ല. പക്ഷേ 2001 നവംബർ 21ന് പൗരസ്ത്യ തിരുസംഘത്തിൽനിന്ന് സീറോ-മലബാർ മെത്രാൻ എന്നനിലയിൽ മാർ ജേക്കബ് അങ്ങാടിയാത്തു പിതാവിനു നല്കിയ നിർദ്ദേശത്തിൽ ക്നാനായക്കാർക്ക് ക്നാനായ ഇടവകയും ക്നാനായ വൈദികരെയും അനുവദിക്കണമെന്നും, എന്നാൽ ഇടവകാംഗത്വത്തെ സംബന്ധിച്ച 1986ലെ തീരുമാനംതന്നെ നിലനില്ക്കുമെന്നും ആവർത്തിച്ചു. അതിനാലാണ് മാർ ജേക്കബ് അങ്ങാടിയാത്തു പിതാവിന് ഇക്കാര്യത്തിൽ നമുക്ക് അനിഷ്ടകരമായ തീരുമാനം എടുക്കേണ്ടിവന്നത്.

**7. ഷിക്കാഗോ സീറോ-മലബാർ രൂപതയെക്കുറിച്ച് മാർ കര്യാക്കോസ് കുന്നശ്ശേരി പിതാവിന്റെ നിലപാട് എന്താണ്?**

ഈ രൂപത ഉണ്ടാകുവാൻ ആഗ്രഹിക്കുകയും, അതിനുവേണ്ട പിന്തുണ നല്കുകയും, അങ്ങാടിയാത്തു പിതാവിന്റെ മെത്രാഭിഷേകത്തിൽ സഹകാർമ്മികനാകുകയും ചെയ്ത വ്യക്തിയാണ് കുന്നശ്ശേരി പിതാവ്. 2002ൽ ഒർലാണ്ടോയിൽ വച്ചു നടന്ന KCCNA കൺവെൻഷനിൽ കുന്നശ്ശേരി പിതാവു നടത്തിയ പ്രസംഗം ശ്രദ്ധേയമാണ്. അദ്ദേഹം പറഞ്ഞു: *കോട്ടയം രൂപത സമാരംഭിച്ച മിഷനുകൾ നിയമപരമായി ഇപ്പോൾ ഷിക്കാഗോ സെന്റ് തോമസ് രൂപതയുടെ കീഴിലായിരിക്കും. അങ്ങാടിയാത്തു പിതാവിന്റെ ആദ്ധ്യാത്മികാധികാരത്തിൻ കീഴിലുള്ളവരാണ് നിങ്ങൾ. അദ്ദേഹമാണ് നിങ്ങളുടെ സ്ഥലത്തെ മെത്രാൻ. പിതാവിന്റെ ആത്മീയ ശുശ്രൂഷ അംഗീകരിക്കുന്നതിനും പിതാവിനെ അനുസരിക്കുന്നതിനും നിങ്ങൾക്കെല്ലാവർക്കും കടമയും ഉത്തരവാദിത്വവും ഉണ്ടെന്നുള്ള കാര്യം ഞാൻ നിങ്ങളെ ഓർമ്മിപ്പിക്കുന്നു.*

**8. 2002ൽ KCCNA നേതൃത്വവും ക്നാനായ വൈദികരും ഒന്നുചേർന്ന് അങ്ങാടിയാത്തു പിതാവുമായി തെറ്റിപ്പിരിഞ്ഞുവെന്നു പറയുന്നു. അതിന്റെ സാഹചര്യം വ്യക്തമാക്കാമോ?**

2002 ഒക്ടോബർ 29നായിരുന്നു ആ സംഭവം. ക്നാനായ മിഷനുകളിലെ വൈദികരും KCCNA പ്രതിനിധികളും ചേർന്ന് ഏറെ ഒരുക്കം നടത്തിയ ശേഷം ഷിക്കാഗോയിലെ കത്തീഡ്രൽ ഹാളിൽവെച്ച് മാർ ജേക്കബ് അങ്ങാടിയാത്തു പിതാവും കൂരിയാ അംഗങ്ങളുമായി ക്നാനായ മിഷനുകളിലെ അംഗത്വം സംബന്ധിച്ച് ചർച്ച നടത്തി. റോമിൽനിന്നുള്ള നിർദ്ദേശമനുസരിച്ചേ ക്നാനായ മിഷനുകളിലെ അംഗത്വം തനിക്കു നിർവ്വചിക്കാനാവൂ എന്ന് അങ്ങാടിയാത്തു പിതാവ് വ്യക്തമാക്കി. അതിൽ മാറ്റം വരുത്തുവാൻ പിതാവ് വേണ്ടതു ചെയ്യണമെന്നും, ക്നാനായ സമുദായത്തിന് അനുകൂല തീരുമാനമായി കഴിയുമ്പോൾ തങ്ങളെ വിളിച്ചാൽ മതിയെന്നും അന്നത്തെ KCCNA പ്രസിഡന്റ് സിറിയക്ക് വെട്ടുപാറപ്പുറം പ്രസ്ഥാവിച്ചു. അതോടുകൂടി രൂപതയുമായുണ്ടായിരുന്ന ക്നാനായക്കാരുടെ ബന്ധം വഷളാവുകയും നമ്മുടെ മിഷനുകളുടെ വളർച്ച മുരടിക്കുകയും ചെയ്തു.



Photos above & below: KCCNA and priests' dialogue with Bishop Angadiath in Chicago on 2002 October 29th.

**9. രൂപതയുമായുള്ള ബന്ധം വഷളായത് എങ്ങനെയെന്ന് വിശദമാക്കാമോ?**

രൂപതയുടെ ഭാഗത്തുനിന്നുണ്ടായ സമീപനം നിരാശപ്പെടുത്തുന്നതും പ്രതീക്ഷാരഹിതവുമായിരുന്നുവെന്ന ചിന്താഗതി അക്കാലത്ത് അല്മായരോടൊപ്പം ക്നാനായ മിഷനുകളിലെ വൈദികർക്കും ഉണ്ടായിരുന്നു. എങ്കിലും രൂപതുമായുണ്ടായിരുന്ന ബന്ധം വിശ്ചേദിക്കാതെ മിനിമം ശുശ്രൂഷ മാത്രമായി തുടർന്നിരുന്നു.

KCCNA യുടെ ഭാഗത്തുനിന്ന് വലിയ പ്രതികരണമാണുണ്ടായത്. മിഷനുകളിലെ വൈദികരുടെ സഹകരണത്തോടെ രൂപതാദ്ധ്യക്ഷനെ കണ്ടിറങ്ങിയ അന്നുതന്നെ പൗരസ്ത്യ തിരുസംഘത്തിന് സമുദായ പാരമ്പര്യത്തിനെതിരായ തീരുമാനം പുനഃപരിശോധിക്കണമെന്ന പരാതി നല്കി. 2002 ഡിസംബർ 28നു നടന്ന KCCNA നാഷണൽ കൗൺസിലിൽ ഏതാനും പ്രമേയങ്ങൾ പാസാക്കി. ക്നാനായ സമുദായത്തിന്റെ ഔദ്യോഗിക ശബ്ദം KCCNA ആയിരിക്കുമെന്നും, ഷിക്കാഗോ സീറോ-മലബാർ രൂപതയെ ഉപേക്ഷിക്കുന്ന (rejects)വെന്നും, കത്തോലിക്കാ സഭ, ക്നാനായ സമുദായത്തെ ഒരു സ്വയംഭരണ സഭയായി (sui juris church) അംഗീകരിക്കണമെന്നും, ക്നാനായ മിഷനുകളിൽ പള്ളിയോഗ നടപടിക്രമം നടപ്പിലാക്കരുതെന്നുമായിരുന്നു ആ തീരുമാനങ്ങൾ.

**10. പള്ളിയോഗ നടപടിക്രമം നടപ്പിലാക്കാതിരിക്കുമ്പോൾ എന്താണു സംഭവിക്കുക?**

സംഘടനയുടെ നിയമാവലിപോലെയാണ് മിഷന്റെയും ഇടവകയുടെയും പള്ളിയോഗ നടപടിക്രമം. സമുദായം മാറി വിവാഹിതരായവരെ ഒഴിവാക്കാനാണ് KCCNA ഉദ്ദേശിക്കുന്നതെങ്കിലും അതു സഭയുടെ നടത്തിപ്പിന്മേലുള്ള അനധികൃത ഇടപെടലായാണ് സഭ കാണുന്നത്. കത്തോലിക്കാ സംഘടന സഭയെ ഭരിക്കാനുള്ളതല്ല, സഭയുടെ ഭാഗമായി സഭയോടൊത്തും സഭാനിയമങ്ങൾക്ക് വിധേയമായും പ്രവർത്തിക്കാനുള്ളതാണ്. മാത്രമല്ല, ഈ തീരുമാനം നിലനിൽക്കേ മിഷനുകളുടെ പൊതുയോഗം കൂടിയത് വേണ്ടത്ര മുന്നറിയിപ്പില്ലാതെയാണെന്നോ, പൊതുയോഗം വീണ്ടും കൂടണമെന്നോ ചില സ്ഥലങ്ങളിൽ സംഘടനതന്നെ ആവശ്യപ്പെട്ടത് വൈരുദ്ധ്യമായി മാറുകയും ചെയ്തു.



*(Continued from page 7)*

### *11. നിസ്സഹകരണ നയത്തോടു വൈദികർ യോജിച്ചിരുന്നോ? അതിൽ മാറ്റമുണ്ടാകാൻ കാരണമെന്ത്?*

സീറോ-മലബാർ രൂപതയുമായി അഭിപ്രായ ഭിന്നത നിലനിന്നിരുന്നതിനാൽ നമ്മുടെ മിഷനിലെ വൈദികർ നാമമാത്രമായേ സഹകരിച്ചിരുന്നുള്ളു. മിഷനുകളിൽ മിനിമം ശുശ്രൂഷ മാത്രം നടന്നിരുന്നതിനാൽ സഭാപരമായി നമുക്കു വളരാൻ സാധിക്കാതായി. ഇതിൽ മാറ്റം വരുത്തുവാൻ ധീരമായ നേതൃത്വമെടുത്തത് മാർ മാത്യു മൂലക്കാട്ടു പിതാവാണ്. കോട്ടയം രൂപത സഹായ മെത്രാനായിരുന്ന അദ്ദേഹം 2003 ജൂലൈ 21ന് ഷിക്കാഗോ KCS കമ്മ്യൂണിറ്റി സെന്ററിൽവച്ച് ക്നാനായ മിഷനുകളിലെ വൈദികരെയും KCCNA, KCS ഭാരവാഹികളെയും വിളിച്ച് പ്രശ്നം പരിഹരിക്കുവാൻ അഭിപ്രായം ആരാഞ്ഞു. മിഷനുകളും സംഘടനകളും പ്രാദേശിക രൂപതയോടു വിഘടിച്ചു നിൽക്കരുതെന്നും, അനുരഞ്ജന ചർച്ച പുനഃരാരംഭിക്കണമെന്നും പിതാവു നിർദ്ദേശിച്ചു. സഭയുടെ നിലപാടിൽ മാറ്റമുണ്ടാകുവാൻ പിതാക്കന്മാർ ശ്രമിക്കുന്നുണ്ടെന്നും, അതു ഫലമണിയും വരെ സമുദായം മാറി വിവാഹം ചെയ്ത ഏതാനും പേരുടെ പിടിവാശിക്കുവേണ്ടി നമ്മുടെ സഭാപുരോഗതി തടസ്സപ്പെടുത്തരുതെന്നും, സമുദായത്തിന്റെ അന്തഃസത്തയ്ക്കു കോട്ടം വരാത്ത വിട്ടുവീഴ്ചയ്ക്കു നാം തയ്യാറാകണമെന്നും അദ്ദേഹം ഉപദേശിച്ചു. സമുദായം മാറി വിവാഹം ചെയ്തവർക്കു നിർബന്ധമാണെങ്കിൽ അവരെ ക്നാനായ മിഷനിൽ ഉൾക്കൊള്ളണമെന്നും, ക്നാനായ മാതാപിതാക്കളിൽനിന്നു ജനിക്കാത്ത അവരുടെ ജീവിത പങ്കാളിയും മക്കളും ക്നാനായക്കാരല്ലാത്തതിനാൽ ക്നാനായ മിഷന്റെയും വൈദികരുടെയും അജപാലനാധികാരത്തിൽ വരികയില്ലെന്നും അതിനാൽ അവർ ക്നാനായ മിഷനിൽ അംഗങ്ങളല്ലെന്നും അദ്ദേഹം വ്യക്തമാക്കി. എന്നിരുന്നാലും രൂപതാദ്ധ്യക്ഷന്റെ അനുവാദത്തോടെ അവരുടെ അജപാലന ശുശ്രൂഷ നമ്മുടെ ഇടവകകളിൽ നടത്തിക്കൊടുക്കാമെന്നും അദ്ദേഹം പറഞ്ഞു. അന്നു കൂടിയവർ അതൊരു അനുരഞ്ജന ഫോർമുലയായി അംഗീകരിച്ചു. എന്നാൽ KCCNA ഭാരവാഹികൾക്ക് നാഷണൽ കൗൺസിൽ പാസ്സാക്കിയ മുൻതീരുമാനം നിലനില്ക്കേ അങ്ങാടിയാത്തു പിതാവുമായി ഈ പുതിയ നയം ചർച്ചചെയ്യുവാൻ സാധിക്കില്ലെന്ന് അറിയിച്ചു.



Bishop Moolakkatt meeting with KCCNA and priests in Chicago on July 21, 2003 to discuss compromise formula with Bishop Mar Jacob Angadiath.

### *12 അങ്ങാടിയാത്തു പിതാവുമായി ചർച്ച നടന്നോ? അത് എപ്രകാരമായിരുന്നു?*

2003 ജൂലൈ 22ന് ക്നാനായ മിഷനിലെ വൈദികരും മൂലക്കാട്ടു പിതാവും കൂടി അങ്ങാടിയാത്തു പിതാവിനെയും കൂരിയാ അംഗങ്ങളെയും സന്ദർശിച്ച് ക്നാനായ മിഷനുകൾ രൂപതയുടെ ഭാഗമായി പുനഃസ്ഥാപിക്കണമെന്നും അതിനു തങ്ങൾ നിർദ്ദേശിക്കുന്ന നയം മേൽപറഞ്ഞവിധമായിരിക്കുമെന്നും അറിയിച്ചു. ആലോചിച്ചു തന്റെ തീരുമാനം അറിയിക്കാമെന്നുമായിരുന്നു അങ്ങാടിയാത്തു പിതാവിന്റെ മറുപടി.

### *13 പിന്നീടുള്ള നടപടി എന്തായിരുന്നു?*

മൂലക്കാട്ടു പിതാവിന്റെ നിർദ്ദേശപ്രകാരം ക്നാനായ മിഷനുകളിലെ വൈദികർ 2003 സെപ്റ്റംബർ 16ന് അങ്ങാടിയാത്തു പിതാവുമായി ഒരു കൂടിക്കാഴ്ച നടത്തി. അതിനു മുന്നോടിയായി, അന്നു കോട്ടയം രൂപതാദ്ധ്യക്ഷനായിരുന്ന അഭിവന്ദ്യ മാർ കുര്യാക്കോസ് കുന്നശ്ശേരി പിതാവിന്റെ അനുവാദം ഞാൻ ടെലിഫോണിലൂടെ ആരാഞ്ഞു. മൂലക്കാട്ടു പിതാവും അങ്ങാടിയാത്തു പിതാവുമായി ആലോചിച്ചശേഷം, കുന്നശ്ശേരി പിതാവ് എന്നെ ടെലിഫോണിൽ വിളിച്ച് അറിയിച്ചത്: മൂലക്കാട്ടു പിതാവു പറഞ്ഞതുപോലെ ചെയ്യുന്നതിനു തനിക്കു സമ്മതമാണെന്നും, അക്കാര്യത്തെക്കുറിച്ച് അങ്ങാടിയാത്തു പിതാവുമായി ഫോണിൽ സംസാരിച്ചു പരസ്പരം ധാരണയായെന്നും, ഞങ്ങൾ വൈദികർ അക്കാര്യത്തെക്കുറിച്ചു കൂടുതൽ സംസാരിക്കേണ്ടതില്ലെന്നുമാണ്. പകരം ക്നാനായ മിഷനുകൾ സീറോ-മലബാർ രൂപതയുടെ കീഴിൽ പുനഃസ്ഥാപിക്കുന്നതിന് ആവശ്യപ്പെടുകയും അതിൽ സേവനം ചെയ്യുവാൻ സന്നദ്ധത അറിയിക്കുകയും ചെയ്താൽ മതിയെന്ന് കുന്നശ്ശേരി പിതാവു പറഞ്ഞു.



Priests of the Knanaya Community in the U.S. met Bishop Angadiath to work out the details of Knanaya Missions at Syro-Malabar Chancery office on September 16, 2003. Chancellor Fr. Zechariahs Thottuvelil, Fr. Thomas Kottoor, Fr. Abraham Kalarickal, Fr. Michael Nedumthuruthil, Fr. Philip Thodukayil, Fr. Dominic Madathilkalathil, Vicar General Fr. George Madathiparambil, Bishop Mar Jacob Angadiath, and Vicar General Fr. Abraham Mutholath.

### *14. ഷിക്കാഗോ സീറോ-മലബാർ രൂപതയുടെ കീഴിൽ ക്നാനായ ഇടവകകൾ പുനഃസ്ഥാപിക്കേണ്ട ആവശ്യം എന്തായിരുന്നു?*

2001ൽ ഷിക്കാഗോ സീറോ-മലബാർ രൂപത നിലവിൽ വന്നപ്പോൾ, ജോൺ പോൾ രണ്ടാമൻ മാർപാപ്പായുടെ കല്പനപ്രകാരം, ക്നാനായ മിഷനുകൾ ഉൾപ്പെടെയുള്ള എല്ലാ സീറോ-മലബാർ മിഷനുകളും ഔദ്യോഗികമായി ഈ രൂപതയിലായി. എന്നാൽ ബാങ്ക് അക്കൗണ്ടുകൾ, വൈദിക നിയമനം, നികുതി

*(Continued on page 9)*

*(Continued from page 8)*

സംബന്ധമായ ഇടപാടുകൾ, പള്ളി വാങ്ങൽ ഇടങ്ങിയവയ്ക്കെല്ലാം കത്തോലിക്കാ പ്രസ്ഥാനമെന്ന നിലയിൽ രൂപതാദ്ധ്യക്ഷന്റെ ഔദ്യോഗിക രേഖകൾ ആവശ്യമായിരുന്നു.

